**പതിനാലാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി VII
# (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരമുള്ളത്]

2019 നവംബർ 21-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി VII
# (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) (iii) പ്രകാരമുള്ളത്]

1395/2019.

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,

തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,

വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, എം.എൽ.എ.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.

ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.

ശ്രീമതി വീണാ ജോർജ്ജ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീ. എസ്. സുനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി

# അവതാരിക

സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 14-8-2018-ലെ യോഗത്തിൽ, സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ച് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2019 നവംബർ 19-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 നവംബർ 19.

# റിപ്പോർട്ട്

സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കിയും മികച്ച ഒരു തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിനാണ് കേരള സർക്കാർ രൂപം നൽകിയ പുതിയ തൊഴിൽ നയം ലക്ഷ്യമിടുന്നത്. ആയതിൻപ്രകാരം ഉല്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും, ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും, ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, സമസ്ത മേഖലയിലും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുക എന്നിവയാണ് പ്രസ്തുത നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. പ്രഖ്യാപിത തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പ്രകാരം കേരളത്തിലെ സേവന മേഖലയിലും വ്യാപാര-വ്യവസായ-വാണിജ്യ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്തതലങ്ങളിലുള്ള പ്രവർത്തന മികവിന്റെയും തൊഴിലാളി സൗഹൃദ നിലപാടുകളുടെയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(2) 1960-ലെ കേരള ഷോപ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെയും 1948-ലെ ഫാക്ടറീസ് ആക്ടിന്റെയും കീഴിലുള്ള സ്ഥാപനങ്ങളെ വിലയിരുത്തുന്നത് സഹായിക്കുന്നതിനായി മാതൃകാ സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് ഗ്രേഡിംഗ് സിസ്റ്റം ഓൺ സ്പെസിഫിക്ക് പെർഫോമൻസ് ആന്റ് കംപ്ലയൻസ് പരാമീറ്റർ ഏർപ്പെടുത്തുന്നത് സംബന്ധിച്ച പ്രസ്തുത പദ്ധതി 2017-ലെ നയപ്രഖ്യാപന പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്നു. നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹ്യവിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യുവാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കാനുമാണ് ഈ പദ്ധതി വഴി സർക്കാർ ഉദ്ദേശിക്കുന്നത്.

(3) കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനുകീഴിലും ഫാക്ടറീസ് നിയമത്തിനുകീഴിലും വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുമായി സർക്കാർ ചർച്ചകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

(4) പ്രാരംഭ ഘട്ടത്തിൽ ഹോസ്പിറ്റലുകൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോട്ടൽ, റെസ്റ്റോറന്റുകൾ, ജുവല്ലറികൾ, സെക്യൂരിറ്റി സ്ഥാപനങ്ങൾ, ഐ.ടി. സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, ഫാക്ടറികൾ എന്നീ മേഖലകളിലെ 1 മുതൽ 19 വരെ തൊഴിലാളികളുള്ള സ്ഥാപനങ്ങളൊഴികെയുള്ളവയിൽ ഗ്രേഡിംഗ് നടപ്പിലാക്കാവുന്നതാണെന്നും തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും വകുപ്പിന്റെ കാര്യാലയങ്ങളിലും തയ്യാറാക്കി ലഭ്യമാക്കുന്ന ചോദ്യാവലി മുഖേന ബന്ധപ്പെട്ട കക്ഷികളിൽ നിന്നും വിവരശേഖരണം നടത്തി താഴെപ്പറയുന്ന രീതിയിൽ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകാവുന്നതാണെന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

| മാർക്ക് | ഗ്രേഡ് |
|---|---|
| 80%ൽ കൂടുതൽ | എ+ (വജ്രം) |
| 70 മുതൽ 80 വരെ | എ (സുവർണ്ണ) |
| 60 മുതൽ 70 വരെ | ബി (രജതം) |

(5) ആയതിൻപ്രകാരം കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിനു കീഴിലും ഫാക്ടറീസ് നിയമത്തിനുകീഴിലും വരുന്ന സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിന്, 9-5-2017-ലെ സ.ഉ. (സാധാ)നമ്പർ 614/2017/തൊഴിൽ പ്രകാരം താഴെപ്പറയുന്ന ഏഴ് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ

(6) ഈ മാനദണ്ഡങ്ങൾ പ്രകാരം ലേബർ കമ്മീഷണർ തലത്തിലും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് തലത്തിലും സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ചെയ്യുവെന്നും 17-8-2017-ലെ സ.ഉ.(കൈ.)നമ്പർ 64/2017/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഗ്രേഡിംഗ് നടപ്പിലാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴെപ്പറയും പ്രകാരമുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചുവെന്നും സമിതി മനസ്സിലാക്കുന്നു.

**സംസ്ഥാനതല കമ്മിറ്റി**

| | | |
|---|---|---|
| ബഹു. തൊഴിൽ വകുപ്പുമന്ത്രി | - | അദ്ധ്യക്ഷൻ |
| ലേബർ കമ്മീഷണർ | - | കൺവീനർ |
| തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | - | മെമ്പർ |
| ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് | - | മെമ്പർ |
| സെന്റർ ഫോർ ഡെവലപ്പ്മെന്റ് മാനേജ്മെന്റ് പ്രതിനിധി | - | മെമ്പർ |

**ജില്ലാതല കമ്മിറ്റി**

| | | |
|---|---|---|
| ജില്ലാ ലേബർ ഓഫീസർ (ഇ) | - | അദ്ധ്യക്ഷൻ |
| ജില്ലാ ലേബർ ഓഫീസർ (ജി) | - | മെമ്പർ |
| ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ | - | മെമ്പർ |

(7) ഗ്രേഡിംഗിനായി ലഭിച്ച 941 അപേക്ഷകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ തലത്തിൽ പരിശോധിക്കുകയും തുടർന്ന് ജില്ലാ ലേബർ ഓഫീസർ പുനഃപരിശോധന നടത്തുകയും 60%-ൽ താഴെ മാർക്ക് ലഭിച്ച 251 സ്ഥാപനങ്ങളെ അയോഗ്യരാക്കുകയും ശേഷമുള്ള 690 അപേക്ഷകൾ സംസ്ഥാനതല കമ്മിറ്റി ഒരു പ്രാവശ്യം കൂടി സൂക്ഷ്മ പരിശോധന നടത്തിയതിൽ 269 സ്ഥാപനങ്ങൾ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ക്രിട്ടിക്കൽ ചോദ്യങ്ങൾ പാസ്സാകാത്തതിനാൽ ടി സ്ഥാപനങ്ങളെ ഗ്രേഡിംഗിൽ നിന്നൊഴിവാക്കിയതായും തുടർന്ന് വജ്ര ഗ്രേഡിനായി 261 സ്ഥാപനങ്ങളെയും സുവർണ ഗ്രേഡിനായി 111 സ്ഥാപനങ്ങളെയും രജത ഗ്രേഡിനായി 49 സ്ഥാപനങ്ങളെയും തെരഞ്ഞെടുത്തിട്ടുണ്ടെന്നും ആകെ 421 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ഗ്രേഡിംഗിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച് റീജിയണൽ ജോയിന്റ് കമ്മീഷണർമാർ അന്വേഷണം നടത്തി ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(8) <u>സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്നതിന്റെ പരിശോധന കർശനമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(9) തൊഴിലുടമകൾ നൽകുന്ന ഉത്തരങ്ങൾ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ക്രോസ് ചെക്കിംഗ് നടത്തുമ്പോൾ തൊഴിലാളികളുടെ അഭിപ്രായം കൂടി കണക്കിലെടുക്കുന്നുണ്ടെന്നും ഗ്രേഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്നതുതന്നെ ഷോപ്പുകളിൽ മിനിമം വേജസ് പോലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്നുള്ള പരിശോധനയാണെന്നും എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ട് ഗ്രേഡിംഗിൽ വരുന്ന ഉടമകൾക്കൊരു അവാർഡ് നൽകുന്നതിനും നല്ല സർവ്വീസും സേവനവും കണക്കാക്കി തൊഴിലാളികൾക്ക് 'ശ്രേഷ്ഠ അവാർഡ്' നൽകാനുള്ള തീരുമാനവും ഗവൺമെന്റിനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. തൊഴിലുടമകൾ തൊഴിലാളികൾക്ക് മിനിമം വേതനം, റെസ്റ്റ് റൂം, ഓവർടൈം വേജസ് എന്നിവ ലഭ്യമാക്കുന്നുണ്ടോയെന്നും തൊഴിലാളികൾ സംതൃപ്തരാണോയെന്നും അറിയുന്നതിനായി അവരുടെ അഭിപ്രായം കൂടി ആരായുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(10) ഗ്രേഡിംഗിനായി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്കുള്ള മാർക്ക് പരിധി ഉയർത്തി 90 ശതമാനത്തിൽ കൂടുതൽ വരുന്നതിന് വജ്രയും 80 മുതൽ 90 വരെ സുവർണ്ണയും 70 മുതൽ 80 വരെ രജതയും എന്ന രീതിയിലായാൽ നന്നാകുമെന്നും ആയതിനാൽ ഗ്രേഡിംഗ് സിസ്റ്റത്തിൽ നിന്നും അയോഗ്യരാവുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിലേക്ക് തിരിച്ച് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണമെന്നും, ഗ്രേഡിംഗിനായി ലഭിച്ച അപേക്ഷകളിൽ അയോഗ്യരായ സ്ഥാപനങ്ങൾ തൊഴിൽ നിയമം പാലിക്കാത്തവരായതുകൊണ്ട് അവർക്കെതിരെ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(11) ഗ്രേഡിംഗ് സിസ്റ്റത്തിലേയ്ക്ക് ഘട്ടം ഘട്ടമായി എല്ലാവരെയും ഉൾപ്പെടുത്തുന്നതിനായി ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന ഉത്തരവിൽ ഗ്രേഡിംഗിനായി അപേക്ഷ നൽകുന്നതിന് ഒരു സമയപരിധി നിശ്ചയിക്കണമെന്നും പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷ നൽകാത്ത തൊഴിലുടമകളിൽ നിന്ന് നിശ്ചിത തുക പിഴയായി ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(12) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് നിയമം ബാധകമായിട്ടുള്ള സ്ഥാപനങ്ങളെയും അതിനുതാഴെയുള്ള ചെറുകിട സ്ഥാപനങ്ങളെയും ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തുമ്പോൾ തൊഴിലാളികളോട് മനുഷ്യത്വപരമായി പെരുമാറുന്നതിനും അവരുടെ മാനുഷിക അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുതകുന്ന തരത്തിലുള്ള ക്രമീകരണങ്ങളുണ്ടാക്കുന്നതിനും എന്തെങ്കിലും പുതിയ ഉത്തരവോ മറ്റോ ആവശ്യമായി വന്നാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(13) ഷോപ്പുകളിലെ സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സമയത്ത് അത്യാവശ്യം ഇരിക്കാനുള്ള സൗകര്യം, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, മുലയൂട്ടുന്ന അമ്മമാരുണ്ടെങ്കിൽ അതിനുള്ള സൗകര്യം, കുട്ടികളെ പരിപാലിക്കുവാനുള്ള സൗകര്യം തുടങ്ങിയ ആവശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ബിൽ കേരള നിയമസഭ പാസ്സാക്കിയത് ശ്ലാഘനീയമാണെന്ന് സമിതി വിലയിരുത്തുന്നു.

(14) ഓൺലൈൻവഴി സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് തൊഴിലാളികൾക്ക് എല്ലാ സംരക്ഷണവും ഉറപ്പുവരുത്തുകയാണ് ഗ്രേഡിംഗ് കൊണ്ടുദ്ദേശിക്കുന്നതെന്നും അതിനായി തൊഴിലാളികളുടെയും ഉടമകളുടെയും സംഘടനാതലത്തിലെ അഭിപ്രായങ്ങൾ തേടിയിട്ടാണ് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതെന്നും സമിതി നിരീക്ഷിക്കുന്നു. ഏറ്റവും മികച്ച രീതിയിൽ സേവനമനുഷ്ഠിക്കുന്ന തൊഴിലാളികൾക്ക് അംഗീകാരം നൽകണമെന്ന ട്രേഡ് യൂണിയൻ സംഘടനകളുടെ അഭിപ്രായം പരിഗണിച്ച് 2018-19-ലെ ബഡ്ജറ്റിൽ "തൊഴിലാളി ശ്രേഷ്ഠ അവാർഡ് " പ്രഖ്യാപിച്ച് ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചത് പ്രശംസനീയമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

(15) കേരളത്തിൽ ഗ്രേഡിംഗ് സമ്പ്രദായം വ്യാപകമായി നടപ്പിലാക്കുന്നതിനും 20 തൊഴിലാളികളിൽ താഴെയുള്ള സ്ഥാപനങ്ങളെയും കോർപ്പറേറ്റിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഗ്രേഡിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(16) തൊഴിലുടമകളിൽ നിന്ന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനോടൊപ്പം തൊഴിൽ വകുപ്പ് അപേക്ഷ വിതരണം ചെയ്ത് നിശ്ചിത ദിവസത്തിനകം അത് നിർബന്ധമായും പൂരിപ്പിച്ച് വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(17) ഫാക്ടറീസ് ആക്ടിലെ സെക്ഷൻ 2(എം) കാറ്റഗറിയിൽ വരുന്നതും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതുമായ ഫാക്ടറികളെ അവയുടെ വ്യത്യസ്ത തലത്തിലുള്ള സുരക്ഷിതത്വ ആരോഗ്യക്ഷേമ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആയി നൽകുന്ന "ഫാബോസ് " എന്ന പോർട്ടലിലെ ഫാക്ടറി മാനേജ്മെന്റുകളുടെ പ്രൊഫൈലിൽ ഗ്രേഡിംഗ് എന്ന മൊഡ്യൂൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലുടമയുമായും തൊഴിലാളികളുമായും ഫാക്ടറി ഇൻസ്പെക്ടറുമായും ബന്ധപ്പെട്ട നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ ചോദ്യാവലികൾ ഉൾപ്പെടുന്ന ടി മൊഡ്യൂൾ ഉപയോഗപ്പെടുത്തി ഗ്രേഡിംഗിനായുള്ള ചോദ്യാവലി പൂരിപ്പിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ 20 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന 2 (എം) വിഭാഗത്തിൽ ഉൾപ്പെടുന്ന എല്ലാ രജിസ്റ്റേഡ് യൂസേഴ്സിനും (ഫാക്ടറി ഉടമകൾ) എസ്.എം.എസ്., ഇ-മെയിൽ എന്നിവ അയച്ചിട്ടുണ്ടെന്നും ഇൻസ്പെക്ടർമാർ ഫാക്ടറി പരിശോധന സമയത്ത് ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ മാനേജ്മെന്റുകൾക്ക് നൽകുന്നുണ്ടെന്നും ചോദ്യാവലി മുഖേന ഇൻസ്പെക്ടർമാർ നേരിട്ട് വിവരശേഖരണം നടത്തി പ്രവർത്തനമികവ് വിലയിരുത്തി ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഡയമണ്ട്, പ്ലാറ്റിനം, ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ ഗ്രേഡിംഗ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

(18) പ്രസ്തുത ഗ്രേഡിംഗ് സംവിധാനം വകുപ്പിൽ 11-6-2018-ൽ നടപ്പിലാക്കിയശേഷം ഗ്രേഡിംഗിനായി കൊല്ലം മേഖലയിൽ നിന്ന് 104 അപേക്ഷകളും, എറണാകുളം മേഖലയിൽ നിന്ന് 254 അപേക്ഷകളും കോഴിക്കോട് മേഖലയിൽ നിന്ന് 57 അപേക്ഷകളും ഉൾപ്പെടെ ആകെ 415 അപേക്ഷകൾ ഓൺലൈൻ വഴി വകുപ്പിൽ ലഭിച്ചിട്ടുണ്ടെന്നും ആയത് ഫാക്ടറി ഇൻസ്പെക്ടർ പരിശോധിച്ച് പ്രോസസ്സ് ചെയ്തുവരുന്നുവെന്നും കൂടുതൽ "ഗ്രേഡിംഗ്" അപേക്ഷകൾ സമർപ്പിക്കുന്നതിനായി മാനേജ്മെന്റുകൾക്ക് അറിയിപ്പും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനായി മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും ഡിവിഷണൽ ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓരോ വർഷവും മാർച്ച് 4-ാം തീയതി ദേശീയ സുരക്ഷിതത്വ ദിനത്തോടനുബന്ധിച്ച് നൽകുന്ന സേഫ്റ്റി അവാർഡിന് മികച്ച ഗ്രേഡിംഗ് ലഭിക്കുന്നവരെയും പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലുള്ള 22 ഇൻസ്പെക്ടർമാരെ മാത്രം ഉപയോഗിച്ച് ഇത്രയും അപേക്ഷകൾ സമയബന്ധിതമായി പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി <u>നിലവിലുള്ള സ്റ്റാഫിനെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പൂൾ തയ്യാറാക്കി മുപ്പതോ നാൽപ്പതോ ദിവസം നൽകിക്കൊണ്ട് ഇത്തരം കാര്യങ്ങൾ പ്രോസസ്സ് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് നിർദ്ദേശിക്കുന്നു.</u>

(19) ഗ്രേഡിംഗിനുള്ള അപേക്ഷകളുടെ പ്രോസസിംഗ് സോഫ്റ്റ്‌വെയർ പ്രകാരം ചെയ്യുന്നതിനാൽ ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കീഴിലും എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ടി സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് ഗ്രേഡിംഗിന് കീഴിൽ വരാത്തതെന്നും അറിയാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രേഡിംഗിന് കീഴിൽ വന്നിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ കർശന പരിശോധന നടത്തി നടപടി സ്വീകരിക്കുകയും അവിടത്തെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുകയും അവരുടെ മാനുഷികമായ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക വഴി ടി സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗ്രേഡിംഗ് കാരണമായിത്തീരുമെന്ന് സമിതി പ്രത്യാശിക്കുന്നു.

ടി.പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 നവംബർ 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.